പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1107

04.02.2019 - ൽ മറുപടിക്ക്

## വഴയില - നെടുമങ്ങാട് റോഡ്

| ചോദ്യം<br>ശ്രീ.കെ.എസ്.ശബരീനാഥൻ : | | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വഴയില - നെടുമങ്ങാട് റോഡ് നാലുവരി പാതയാക്കുന്നതിന് 2016 നവംബറിൽ അമ്പതുലക്ഷം രൂപ ടോക്കണായി ബജറ്റിൽ വകയിരുത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം-തെൻമല സംസ്ഥാന പാതയിൽ വഴയില ജംഗ്ഷനിൽ നിന്നും ആരംഭിച്ച് പഴകുറ്റി ജംഗ്ഷൻ വരെയുള്ള 9.50 കി.മീ. റോഡും നെടുമങ്ങാട് ടൗണിൽ പഴകുറ്റി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കച്ചേരിനട വഴി 11-ാം കല്ല് വരെയുള്ള 1.740 കി.മീ. ദൂരവും നാല് വരിപ്പാത യാക്കുന്നതിനായി 2016-17 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. തുടർന്ന് 01/11/2016-ലെ സ.ഉ. (സാധാ)നം.1502/2016/പൊമവ പ്രകാരം തത്വത്തിൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണ്; | (ബി) & (സി) | നാലുവരിപ്പാതയുടെ സ്ഥലമെടുപ്പിന് കിഫ്ബി അംഗീകാരം നൽകി 59.22 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.എ. തഹസിൽദാരെ നിയമിക്കുകയും, റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യമായ ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ തുടർന്ന് നാഷണൽ ഹൈവേ വിഭാഗത്തിൽ |
| (സി) | പ്രസ്തുത പാതക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | നിന്നും ഇതേ റോഡിൽ ഒരു പ്രവൃത്തി വരാനുള്ള സാധ്യത കണക്കിലെടുത്ത് കിഫ്ബിയിൽ നിന്നും പദ്ധതി മരവിപ്പിച്ചതിനാൽ സ്ഥലമെടുപ്പ് നടപടി ക്രമങ്ങൾ നിർത്തി വച്ചിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത പാതയുടെ നിർമ്മാണം നിർത്തിവെയ്ക്കുവാൻ കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും ഒരു പ്രവൃത്തി നടപ്പിലാക്കാനുള്ള സാധ്യത കണക്കിലെടുത്താണ് നാലുവരിപ്പാത നിർമ്മാണം നിർത്തി വയ്ക്കാനായി കിഫ്ബി സി.ഇ.ഒ. നിർദ്ദേശം നൽകിയത്. എന്നാൽ തുടർന്ന് കിഫ്ബി സി.ഇ.ഒ. യുടെ കാര്യാലയത്തിൽ 24.01.2019-ാം തീയതിയിൽ നടന്ന മീറ്റിംഗിൽ ഈ പദ്ധതിയിലെ എൻ.എച്ച്-ൽ നിന്നും പഠനം നടത്താത്ത നെടുമങ്ങാട് ടൗണിൽ വരുന്ന ഭാഗം 4 വരിപ്പാതയായും, ബാക്കിഭാഗം കിഫ്ബി ഗൈഡ് ലൈൻ പ്രകാരമുള്ള നിർദ്ദിഷ്ട വീതിയിൽ രണ്ട് വരിപ്പാതയായും ചെയ്യുന്നതിനായുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാനായി കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ